ഉള്ളടക്കത്തിന്റെയും ഉപയോഗിച്ച വൃത്തങ്ങളുടെയും വൈവിധ്യത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത “നെയ്ത്തിരി”യുടെ കുറേ ഭാഗങ്ങൾ ചുവടേ ചേർക്കുന്നു. ഈ കൃതിയുടെ ഏകദേശസ്വഭാവം വെളിപ്പെടുത്തുക മാത്രമാണ് ഉദ്ദേശ്യം.

1 : ഭഗവത്സ്വരൂപം, മാഹാത്മ്യം.

കാകളി

1.1

സാന്ദ്രമാമാനന്ദബോധസ്വരൂപനായ്
കാലദേശാദിക്കതീതനായ് മുക്തനായ്
വ്യക്തമല്ലെങ്കിലും ദർശനമാത്രേണ
ജന്മസാഫല്യം തരും പരബ്രഹ്മമായ്
വേദലക്ഷങ്ങൾ തെളിക്കുന്ന തത്വമായ്
വാഴുന്ന സാക്ഷാൽ സനാതനനവ്യയൻ
പ്രത്യക്ഷമായ് ഗുരുവായൂരിൽ വാഴുന്നു
മർത്ത്യർക്കഹോ മഹാഭാഗ്യം നിനയ്ക്കുകിൽ.

1.2

ഈവിധം ദുർലഭമാമൊന്നിരിക്കിലും
നാവും മനസ്സും ശരീരവും കൊണ്ടഹോ!
മററു വസ്തുക്കളെത്തേടുന്നിതാളുകൾ
ക്ഷുദ്രമെന്നത്രേ പറയേണ്ടു കഷ്ടമേ!
നാനാതരം പീഡ തീർത്തു കാത്തീടുവാൻ
നാമിങ്ങു ചാഞ്ചല്യമില്ലാത്ത ഹൃത്തുമായ്
സർവ്വാത്മനാ ശ്രീ ഗുരുവായൂരപ്പനാ-
ണാശ്രയമെന്നുള്ളിലോർത്തു വസിക്കുന്നു.

1.3

‘തത്വാർത്ഥമല്ലാതെയൊന്നുമായ്ച്ചേരാതെ
നിൽക്കയാൽ ശുദ്ധമായ് വാഴുന്ന തത്വമാം
അംഗവുമിന്ദ്രിയജാലവും നിൻ തനു’
ഇങ്ങനെ വ്യാസൻ പറഞ്ഞു പലകുറി!
ഈ വിധം നിർമ്മലമാകയാൽക്കാണുവാൻ
കേൾക്കുവാനോർക്കുവാനേററം രസാസ്പദം
സാരമായ് ഹൃത്തിൽ വിളങ്ങും മനോജ്ഞമാം
നിൻ രൂപമൊന്നിൽ രമിക്കുന്നു സജ്ജനം.

1.4

നിശ്ചലം നിത്യം നിറഞ്ഞു നിൽക്കുന്നതാം
നിസ്തുലമാനന്ദപീയൂഷഭാജനം
നാനാതരം മുത്തു തന്നിൽ നിറച്ചുള്ള
നിർമ്മലബ്രഹ്മമാമാഴിയല്ലോ ഭവാൻ;
നിന്നലച്ചാർത്താണു സദ്ഗുണമെന്നുതാൻ
നന്നായറിവുള്ള സത്തുക്കളോതുന്നു;
നിശ്ശേഷമില്ല കളങ്കമെന്നല്ല നീ
സൽക്കലാരൂപനാണെന്നും നിർണ്ണയം.

1.5

കർമ്മത്തിൽ ബന്ധം തനിക്കില്ലയെങ്കിലും
ജന്മാദിമുക്തനാമങ്ങുന്നഹേതുവായ്
ഈക്ഷണപ്രക്രിയാലോലനായപ്പൊഴേ
കൽപം തുടങ്ങി; അക്കാലം പ്രകൃതിയും
കെൽപോടുണർന്നു; ഭവാനഘം നീക്കുന്ന
വൈകുണ്ഠരൂപത്തെയാർജ്ജിച്ചു, മായയിൽ
ഇമ്പം കലരാതെയും മറയ്ക്കാതെയു-
മമ്പോടു കൈക്കൊണ്ടു സത്വഗുണത്തെയും.

1.6

നീലമേഘാഭയും കായാമ്പുവർണ്ണവും
മേളിച്ച നിൻ മേനിയെത്രയോ കോമളം
പുണ്യവാന്മാരുടെ കണ്ണിന്നു സായൂജ്യ-
മമ്മഹാലക്ഷ്മിക്കു കേളിക്കൊരങ്കണം
ധ്യാനിച്ചു വാഴുവോർക്കോ സുധാവർഷവു-
മായുള്ള പൂവുടൽ ധ്യാനിപ്പനെന്നുമേ.

1.7

സംസാരചേഷ്ടകളാലുഴന്നീടുന്ന
ജന്തുക്കൾ തൻ ദശ കണ്ടിട്ടിതേവരെ
നിൻ സൃഷ്ടിചേഷ്ടകൾ കഷ്ടമെന്നോർത്തു ഞാൻ
ഇപ്പോളറിയുന്നു വാസ്തവമൊക്കെയും;
നിൻ ചിദാനന്ദസമുദ്രത്തിൽ മുങ്ങുവാൻ
കണ്ണിനാൽക്കാതിനാലാസ്വദിച്ചീടുവാൻ
ഇന്നാർക്കുമേ സാദ്ധ്യമല്ലീ ധരിത്രിയിൽ
ജന്മമെടുക്കാതെയെന്നറിയുന്നു ഞാൻ.

1.8

വന്നപേക്ഷിക്കിലുമല്ലായ്കിലും നിന്നെ
വന്ദിച്ചിടുന്നവർക്കേകുന്നു സർവവും
അന്തികേ ചേർത്തുടനാനന്ദമുക്തിയു-
മത്തരം കൽപകവൃക്ഷമല്ലോ ഭവാൻ!
ഇങ്ങനെയെണ്ണമററുള്ള ഫലങ്ങളാൽ
സമ്പൂർണ്ണനങ്ങിങ്ങിരിക്കിലുമർത്ഥികൾ
പാഴിലേയിന്ദ്രൻെറ പൂന്തോപ്പിലെ വെറും
പാഴ്മരത്തിന്നായ് കൊതിക്കുന്നു കഷ്ടമേ!

1.9

മുററുമീ ലോകത്തിൽ വാഴുന്ന ജീവികൾ
ക്കുററതാം സ്വാമിത്വമാർന്നുവാഴുന്നവർ
മററുള്ള ദേവകളൈശ്വര്യഹേതുവായ്
മറേററെ വസ്തുക്കളേകുമർത്ഥിക്കുകിൽ;
സ്വാംശത്തെത്തന്നെയും മുക്തിയുമേകുന്നോ-
രീശ്വരാ നീതാൻ നിനക്കുള്ള സ്വാമിയും.
ശാശ്വതാനന്ദസന്ദായക സന്മയ
ശൗരേ, പരമാത്മരാമ, നമോസ്തുതേ.

1.10

ശങ്കരനാദിയാം ദേവകൾക്കീശ്വരാ

നിങ്കലെ ശ്രീതാനവതാരഹേതുവായ്;
വഹ്ന്യാദിതേജസ്സു പോലുമടക്കിടും
വീര്യത്തിനാസ്പദമാണു ഭവാൻ വിഭോ!
നിർമ്മലകീർത്തിയാൽ നിസ്സംഗരായുള്ളോ-
രമ്മുനിമാരും സ്തുതിപ്പു നിൻ നാമങ്ങൾ;
ശ്രീദേവിയെപ്പൊഴും നീയൊത്തു വാഴുവോൾ
നീ ധാമാണു വിദ്യാദിക്കു നിസ്സംഗ;
ഏവം ഭഗവാനെന്നുള്ളൊരു നാമത്തി-
നാവും ഹരേ ഭവാൻ മുഖ്യമാമാശ്രയം.

2: ഭക്തിമഹത്വം

കാകളി

2.1

ആദിത്യതേജസ്സു തോൽക്കും കിരീടവും
ഗോപിക്കുറി ചേർന്നു മിന്നുന്ന നെററിയും
കാരുണ്യസാഗരനേത്രങ്ങളും നറും
പുഞ്ചിരിപ്പൂവുമഴകാർന്ന നാസിക
ഗണ്ഡങ്ങളിൽ പ്രഭതൂകുന്ന കുണ്ഡലം
കണ്ഠത്തിലോ ശോഭ ചിന്തുന്ന കൗസ്തുഭം
ശ്രീവത്സവും വനമാലയും ചേർന്നുള്ള
താവകരൂപം ഭജിക്കുവനെപ്പൊഴും.

2.2

കേയൂരകങ്കണം തോൾവളമോതിരം
മോടിയിൽ രത്നം പതിച്ചവ ചാർത്തിയ
ശ്രീയുള്ള തൃക്കൈകൾ നാലും ധരിച്ചിടും
ശംഖം ഗദായുധം പത്മവും ചക്രവും,
കാഞ്ചനകാഞ്ചിയാൽച്ചേർത്തിണക്കീടിന
പീതാംബരത്താലലങ്കൃതമായതും
വർണ്ണനാതീതവുമാം മേനിതാനെനി-
ക്കെന്നും ശരണം ദുരിതങ്ങൾ തീരുവാൻ.

2.3

മൂന്നുലോകത്തിലുമുള്ള മഹത്തര-
മായതിലൊക്കെയും വച്ചു മഹത്തരം
മോഹനമായതിലേറെ സമ്മോഹനം
തേജോമയങ്ങളിൽ വച്ചു തേജോമയം
മാധുര്യമാർന്നതിലേററം മധുരവും
സുന്ദരമേററവും സൗന്ദര്യമുള്ളതിൽ
ആശ്ചര്യപൂർണ്ണമാണാശ്ചര്യമാർന്നതിൽ
ത്വദ്രൂപമേവർക്കുമേകുന്നു കൗതുകം.

2.4

താവകപ്രേമത്തിലുള്ളോരചഞ്ചല-
ഭാവമാർന്നാച്യുത, കഷ്ടമത്രേ! രമ
സേവിച്ചിടും തൻെറ ഭക്തരിൽ നിത്യയായ്
മേവിടാറില്ലെന്ന സത്യമോർത്താവണം
കൈവല്യമാമനുഭൂതിയാൽ പ്രാപ്യമാം
താവകവിഗ്രഹം നേടിയ ദേവിയെ

കേവലം ചാപലശീലയെന്നെങ്ങുമേ
ഭാവിച്ചുപോരുന്നു മിക്കപേരും സദാ.
2.5
ലക്ഷ്മീപതേ തവലാവണ്യധാരയാൽ
മുഗ്ദ്ധയാണാകയാലാവണമീശ്വരി
നിന്നീടുമാറില്ല മററാരിലും ചിരം
എന്നുള്ളതിന്നൊരു ലക്ഷ്യമോതീടുവൻ,
തൻപ്രിയവാർത്തകൾ കേൾക്കാൻ മഹേശ്വരി
സംപ്രീതമാനസയാകയാലല്ലയോ
ഭക്തരെങ്ങങ്ങയെപ്പാടിപ്പുകഴ്ത്തുമോ
ദത്തമാം ശ്രദ്ധയോടങ്ങുതാൻ വാണിടും.
2.6
ഈവിധമുള്ളോരഴകിൻെറ പുത്തനാം
പീയൂഷധാമമാം നിൻ തിരുവിഗ്രഹം;
ബ്രഹ്മരസായനമാമതിൻ കീർത്തികൾ
സമ്മോദദായകം കേൾക്കുവോർക്കൊക്കെയും;
പെട്ടെന്നതിൽ സക്തിയേറുന്നു കേൾക്കവേ
വീണ്ടും ശ്രവിക്കുവാൻ മോഹിച്ചുപോകുന്നു
രോമാഞ്ചകഞ്ചുകം ചാർത്തുന്നു മേനിയിൽ
ഹർഷാശ്രുധാരയാൽ മൂർച്ഛിതരാകുന്നു.
2.7
ഇമ്മട്ടിലുള്ളോരനുഭവസിദ്ധിയാൽ
കർമ്മവും ജ്ഞാനവുമായ യോഗങ്ങളിൽ
കേമമായ് യോഗ്യമായ് ഭക്തിയോഗം മഹാ-
മാമുനിമാരും പുകഴ്ത്തിപ്പറയുന്നു;
സൗന്ദര്യസാരം നിറഞ്ഞുള്ള താവകം
സുന്ദരപ്രേമപ്രകർഷമാം ഭക്തിതൻ
സാധന കേവലം സാമാന്യമർത്യനു-
മിന്ദിരാവല്ലഭ, ശക്യമാണെത്രയും.
2.8
നിഷ്കാമകർമ്മങ്ങളാൽ ലഭിച്ചീടുന്ന
മുക്തിക്കു കാലമൊരുപാടുപോകണം;
വ്യക്തമായ് ഹ്യത്തിൽപ്പതിയാതെ പോയിടും
തത്ത്വമാം വേദാന്തസാരം പഠിക്കുന്ന
ജ്ഞാനമാം യോഗമാണെത്രയും ദുഷ്കരം
നൂനമത്യന്തമസാമാന്യമാ വഴി;
താവകപ്രേമൈകരൂപമാം ഭകതിയോ
കേവലം മാധുര്യപൂർണ്ണമാം മാർഗ്ഗമാം.
2.9
എത്രയുമായാസപൂർണ്ണമാം കാര്യങ്ങ-
ളെത്രയോ കാലമനുഷ്ഠിച്ചിടും ചിലർ,
ജ്ഞാനഭക്ത്യാദിക്കു യോഗ്യരായ് തീർന്നിടും
നൂനം പ്രയോജനമെന്തതുകൊണ്ടഹോ!
വേറേ ചിലർ തത്വചിന്തകൾ ചെയ്തിടും
ഏറെത്തപിക്കുമതൽപം ഗ്രഹിക്കുവാൻ;

നിർഗുണബ്രഹ്മസ്വരൂപമുപാസിച്ചു
സ്വർഗ്ഗത്തെ നേടുമനേകജന്മങ്ങളാൽ.
2.10
താവകഭക്തിതൻ മാർഗ്ഗത്തിലെപ്പൊഴും
കേവലം കേഠംപ്പതു ത്വൽക്കഥാകീർത്തനം
ചിത്തത്തിനാനന്ദദായകമെന്നല്ല
സിദ്ധിപ്പു നിർമ്മലജ്ഞാനമെളുപ്പമായ്.
ക്ഷിപ്രമനുഗ്രഹമേകിരക്ഷിക്കുവാ-
നിപ്പാരിലിങ്ങു സ്വയം വിരാജിച്ചിടും
നാഥ ഗുരുവായൂരപ്പ കനിഞ്ഞെനി-
ക്കേകണേ പ്രേമവും ഭകതിയും ത്വൽപ്പദേ.

7: ബ്രഹ്മതപസ്സ്

അന്നനട

7.1
ജഗം പതിന്നാലിൻ ഉടലായ് മേവിന
ഭഗവാനേ ഭവാൻ അവയ്ക്കു മീതെയായ്
ഹിരണ്യഗർഭനെന്നറിയും ധാതാവായ്
ത്രിലോകമൂർത്തിയായ് പ്രതിരൂപാത്മാവായ്
ഉരുത്തിരിഞ്ഞിട്ടു രജോഗുണത്തിനു
പെരുമയുണ്ടായി വിരാജിച്ചങ്ങനെ
വിവിധരൂപമാം രചനചെയ്യുവാൻ
പ്രവൃദ്ധവാസനയിയന്നു മേവിനാൻ.
7.2
പ്രപഞ്ചസൃഷ്ടിക്കു തുനിഞ്ഞ ധാതാവി-
നഭിജ്ഞതയേതുമതിലുദിക്കാതെ
വിമൂഢതയാർന്നു വഴിയെച്ചിന്തിച്ച-
സമയമീശ്വര, സ്വയം ഭവാൻ തന്നെ
വപുസ്സു കാട്ടാതെയരുളി സൂചന;
''തപസ്സു ചെയ്യുവിൻ, തപസ്സു ചെയ്യുവിൻ''.
ശ്രവണകൗതുകമരുളും വാക്കുകഠം
ഹിരണ്യഗർഭനിൽ ഉണർത്തിയാർജ്ജവം.
7.3
ജലത്തിൽ മഗ്നമാം ജഗത്തിലീവിധം
തനിക്കുപദേശം തരുന്നതാരെന്ന്
തിരിഞ്ഞു ചുററിലും തിരഞ്ഞു കാണാഞ്ഞ-
ങ്ങിരുന്നു ചിന്തിച്ചു വിരിഞ്ചദേവനും.
ഗ്രഹിച്ചു സാരവുമതിൻ പടിക്കു താൻ
സഹസ്രം ദിവ്യമാണ്ടിരുന്നു തീവ്രമാം
തപസ്സു ചെയ്തതിൻ ഫലമായാദരാ
സഹസാ കാട്ടി നിൻ നിലയമാം പുരം.
7.4
ജഗത്തിനൊക്കെയും വെളിയിൽ ശോഭിക്കും

ഇടത്തിൽ മായതൻ മറിമായത്തിനാൽ
അവസ്ഥാഭേദമില്ലതിൻെറ ബോധമി-
ല്ലഘഭയരോഷാദ്യശേഷവുമില്ല.
അഭൗമതേജസ്സു ജ്വലിക്കുമാസ്ഥല-
ത്തപാരമാനന്ദപ്രവാഹമെപ്പൊഴും.
വിരിഞ്ചദർശിതം ഭവാൻെറ മന്ദിരം
വിജയിച്ചീടുന്നു ജഗത്തിലീശ്വര!
7.5
ഭവൽപ്പുരം തന്നിൽ ഭവത്സവിധത്തിൽ
ഭവാദൃശന്മാരായ് ചതുർഭുജയുതർ
ഹരിമണിനീലനിറവും മിന്നുന്നോ-
രരിയ രത്നങ്ങളിണങ്ങും ഭൂഷകൾ
ധരിച്ചുപമാനരഹിതം മേടയിൽ
മരുവുന്നു സിദ്ധജനങ്ങൾ ഭക്തന്മാർ.
ഇദം വിരാജിക്കുമവിടുത്തെപ്പദം
സതതമീശ്വര, വിജയിച്ചീടട്ടെ!
7.6
പരമദിവ്യകളനേകമംഗനാ-
നിരകളാൽച്ചുഴന്നരിയ മിന്നലിൻ
കൊടിപോലെ മിന്നി വിലസും സുന്ദരി
നിഖിലവിശ്വവും കൊതിക്കും മോഹിനി
ഭവദീയാംഘ്രി തൻ പരിമളം തന്നിൽ
അവികലമാസ്ഥയെഴുന്ന പൂമകൾ
പരമഭക്തയായ് സതതം വാഴുമ-
പ്പദത്തിലെത്തുവാനനുഗ്രഹിക്കണം.
7.7
തെളിഞ്ഞുകണ്ടൊരാ തവപദം തന്നിൽ
തിളങ്ങും രത്നങ്ങൾ പതിച്ച തൽപ്പത്തിൽ
രവികോടിപോലാം കിരീടകേയൂര-
കടകഹാരാദിയണിഞ്ഞു ശ്രീവത്സം
തെളിഞ്ഞു കൗസ്തുഭമണിയാലാതാമ്ര-
ദ്യുതിയണിഞ്ഞിടും ഭവാൻെറ വിഗ്രഹം
വിധിക്കു ദർശനം കൊടുത്ത മട്ടിലീ-
യെനിക്കു തോന്നുവാനനുഗ്രഹിക്കണം.
7.8
കരിമുകിലൊത്ത കമനീയവർണ്ണം
പരന്നു ദിക്കുകൾ പരിചിൽ ശോഭിതം
പ്രസന്നസുന്ദരവദനം തന്നിലെ
പ്രസാദസുസ്മിതം അതിമനോഹരം
രഥാംഗശംഖാബ്ജഗദകളേന്തിയ
ചതുർഭുജങ്ങളും അതീവമോഹനം
വിരിഞ്ചനാനന്ദം അപാരമേകിയ
സ്വരൂപമാശ്വാസം എനിക്കുമേകണം.
7.9
ഭവൽസ്വരൂപം കണ്ടുടൻ പിതാമഹൻ

ഭവൽപദാംബുജം നമിച്ചു സംഭ്രമാൽ
പ്രവൃദ്ധമോദവും കൃതാർത്ഥഭാവവും
ഇയന്നു ചൊല്ലിനാൻ, ''വിഭോ മമാശയം
വിദിതമങ്ങേയ്ക്കു; തരണമേ ദ്വൈത-
മറിയുവാനെനിക്കറിവു സത്വരം''.
വിധിയുമീവിധം വിധിപോൽ സേവിക്കും
പദസരോരുഹം ഭജിച്ചു കൊള്ളുവൻ.

7.10

തുടുത്തു മിന്നുന്ന ചരണപത്മത്തിൽ
പ്പതിച്ച സ്രഷ്ടാവിൻ കരം ഗ്രഹിച്ചുടൻ
'ഭവിക്കുമങ്ങേയ്ക്കു നിസർഗ്ഗവൈഭവം
കുടുംബപാശത്തിൽ കുടുങ്ങിടാതെതാൻ.'
ഇദം പറഞ്ഞുടൻ പരിതോഷിപ്പിച്ചു
സ്വയം കമലജഹൃദയവാസിയായ്
ജഗങ്ങൾ നിർമ്മിക്കാനൊരുക്കമിട്ടൊരു
ഭഗവൻ, ഉല്ലാസം എനിക്കുമേകണേ.

## 15: കപിലോപദേശം

നതോന്നത

15.1

കപിലനായ് അവതരിച്ചൊരു ഭവാൻ ജനനിയോ-
ടുപദേശമിതുവിധമരുളി മോദാൽ.
''ഇഹലോകസുഖങ്ങളിൽ ഭ്രമിക്കുകിൽ മനം പാടേ
മഹിയിലെ ബന്ധനത്തിൽ കുടുങ്ങിടുന്നു.
ചെറുതുമില്ലവകളിൽ രസമെന്നു വരുകിലോ
പരമപദത്തിലേയ്ക്കു വഴികാണുന്നു.
കളവറ്റ ഭക്തി മായാസക്തി നീക്കും; സത്സംഗം താൻ
അളവറ്റ ഭക്തി നേടാനെളുപ്പമാർഗ്ഗം;
ത്രിഗുണയാം പ്രകൃതിയും മഹത്തത്ത്വമഹങ്കാരം
ഭൂതജാലം തന്മാത്രയുമഞ്ചു വീതവും
മനമതും ദശേന്ദ്രിയഗണവുമപ്പുരുഷനും
ഇണങ്ങിയിപ്രപഞ്ചത്തിൻ തത്വഭാഗങ്ങൾ;
പുരുഷനീത്തത്വം നന്നായ് ഗ്രഹിക്കുകിൽ മായാബന്ധം
മുറിഞ്ഞീടും പ്രകൃതിയുമായി വേറിടും;
പ്രകൃതിയിലനാസക്തനായി നിൽക്കും പുരുഷനെ
പ്രകൃതിധർമ്മങ്ങൾ തീർത്തുമലട്ടുകില്ല;
മദ്ഭജനം മമചിന്തയിവകൊണ്ടാണേതൊരാൾക്കും
മായതൻെറ മഹാജാലമൊഴിഞ്ഞിടുന്നു.
യമശമയോഗാദ്യങ്ങൾ പരിശീലിച്ചതു കൊണ്ടു
മനഃശുദ്ധിവരുത്തേണമതിന്നു ശേഷം
ഗരുഡോപലസമാനം വിളങ്ങീടും മമാകാരം
ഗരുഡാരൂഢമാം രൂപം സ്മരിച്ചീടണം;
മമഗുണഗണലീലാശ്രവണത്താൽ കീർത്തനത്താൽ
അമന്ദമന്ദാകിനിതൻ പ്രവാഹതുല്യം
ഒഴുകുന്ന മനോവൃത്തി മഹദ്ഭക്തിയുളവാക്കും
അതുമൃത്യുഭയത്തേയും ജയിച്ചുകൊള്ളും.

എന്നിൽ ഭക്തിയെഴാത്തവൻ ബഹുതരപാപങ്ങളാൽ
ദിനമനു കുടുംബത്തെ പരിപാലിച്ചും
സ്ത്രീജിതനായർഭകാഭിമുഖ്യമാർന്നും ഗൃഹഭോഗം
ഭുജിച്ചീടും; നരകാർത്തിയതും ബാധിക്കും.
ജനനിതൻ ജഠരത്തിൽ ഖിന്നനായിക്കഴിയവേ
ജനിച്ചീടും സത്യതത്ത്വജ്ഞാനമെന്നാലും
ജനിച്ചുവീഴുമ്പോളെല്ലാം മറന്നുടൻ സംസാരത്തിൻ
വിനകളിൽപ്പതിച്ചീടുമതെന്തു കഷ്ടം!
ബാല്യകാലാരിഷ്ടതകളനുഭവിച്ചനന്തരം
അലയുന്നു മോഹമാർന്നു യൗവനത്തിലും.
പിതൃസുരഗണയാഗകർമ്മമാർന്നഗൃഹസ്ഥനായ്
സുധർമ്മാവായ് ദാക്ഷിണാത്യ പഥേ ഗമിപ്പോൻ
നിജപുണ്യകർമ്മം തീർന്നാൽ പിറക്കുമീ മന്നിൽ വീണ്ടും;
അകാമനായ് കർമ്മം ചെയ്‌വോനൊടുങ്ങും ജന്മം.
ഉത്തരാശാവഴിക്കവൻ പ്രയാണം ചെയ്യതുവഴി
ഉത്തമമാം പദം തന്നെ പ്രാപിപ്പു നൂനം''.

22:അജാമിളമോക്ഷം

പാന

22.1

പണ്ടൊരിക്കലൊരേടത്തജാമിള-
നെന്ന പേരിലൊരന്തണൻ ധാർമ്മികൻ
വാണിരുന്നു ഗൃഹസ്ഥൻ; താതാജ്ഞയാൽ
കാനനത്തിൽ ഗമിച്ചവനേകദാ.
അങ്ങവൻ കണ്ടു മോഹിച്ചൊരുത്തിയെ
തിങ്ങിടും മദം പൂണ്ട കുലടയെ.

22.2

ശാന്തനാണു പ്രകൃതി കൊണ്ടെങ്കിലും
കാന്തമൂലമായ് നേടി ദുശ്ശീലങ്ങൾ;
നിൻെറ നാമം ധരിച്ചൊരു പുത്രനിൽ
എന്തുകൊണ്ടോ പ്രതിപത്തിയേറെയായ്.

22.3

അന്ത്യകാലത്തിലന്തകകിങ്കരർ
അന്തികത്തെത്തി മൂന്നാൾ ഭയങ്കരർ
തൻെറ പുത്രൻെറ പേരു വിളിച്ചയാൾ,
''എൻെറ കണ്മണീ, നാരായണ'' യിദം.
പണ്ടു പാലിച്ച സദ്ഗുണശീലത്താൽ
ചുണ്ടിലെത്തിയതാവാ, മുച്ചൈസ്സ്വരം.

22.4

മാനസം ദുഷിച്ചുള്ളവനെങ്കിലും
ആനനേ നാമമന്ത്രമുദിക്കയാൽ
ആയതിൻെറയതിശയവൈഭവാൽ
ആഗമിച്ചത്ര താവക പാർഷദർ;
നാലു കൈകളിയന്നവർ, ചാരുത -
യോലും മഞ്ഞപ്പട്ടാടകൾ ചാർത്തിയോർ.

22.5

പാശബദ്ധനായുള്ളോരജാമിള-
മാശു മണ്ണിലിഴയ്ക്കുന്ന ദൂതരെ
മുന്നിലാമ്മാറു ചെന്നു തടുത്തവർ
ചൊന്നാർ ''നിങ്ങൾ വിടുവിൻ'' എന്നിങ്ങനെ.
തിണ്ണമങ്ങവൻ ചെയ്ത പാപങ്ങളെ
എണ്ണിയെണ്ണിപ്പറഞ്ഞിതു ദൂതരും.

. 22.6 - 22.9
ചൊല്ലിനാരുടൻ താവകപാർഷദർ
''ചൊല്ലിടേണ്ടിങ്ങു പാപക്കണക്കുകൾ,
നന്നു നിങ്ങളും പണ്ഡിതരല്ലയോ ?
തീർന്നു പാപം പരീഹാരം ചെയ്കയാൽ
എന്തു താൻ പ്രായശ്ചിത്തമെന്നുള്ളതും
ഇന്നു നിങ്ങൾക്കറിയാത്ത വസ്തുവോ?
പണ്ടു തൊട്ടേ ശ്രുതിസ്മൃതിപ്രോക്തമാ-
യുണ്ടു നോമ്പുകൾ പാപനിവാരകം.
ശ്രീപദം ഭജിച്ചീടുകിൽ തീർന്നുപോം
പാപവുമതു ചെയ്യുന്ന ശീലവും
പ്രായശ്ചിത്തമായ്, പേടികൊണ്ടെങ്കിലും
ശ്രീയെഴും ഹരിനാമം വിളിക്കയാൽ
ആയിരംകോടി ജന്മങ്ങൾ കൊണ്ടിവ-
നാർജ്ജിച്ചുള്ളതാം പാപങ്ങൾ തീർന്നുപോയ്;
വേണമെന്നു കരുതിയല്ലെങ്കിലും
മാനവൻ ഹരി നാമം ജപിക്കുകിൽ
വന്നരോഗം മരുന്നുകൊണ്ടെന്നപോൽ
വഹ്നിതന്നിൽ വിറകെന്ന പോലെയും
പാപജാലം ദഹിക്കുമതിന്നെഴും
താപത്താൽ ക്ഷണമില്ലൊരു സംശയം!''
22.10
ഇത്ഥം താവകപാർഷദർ ചൊൽകയാൽ
ബോദ്ധ്യമായ് യമദൂതർ മടങ്ങിനാർ
നിർഗ്ഗമിച്ചതിൻ പിന്നിലായ് പാർഷദർ;
മാർഗ്ഗമുത്തമം ശീലിച്ചു വിപ്രനും
ഒട്ടുകാലം വസിച്ചു തവാശ്രിത-
രൊത്തുപോയ്ച്ചെന്നു ചേർന്നു ഭവൽപ്പദം.
22.11
കാലനും നിജ ദൂതർ പറഞ്ഞവ
കാതിൽ വീഴവേ ഭീതിപൂണ്ടേറ്റവും
താവകാംഘ്രികൾ പൂജിക്കും ഭക്തരെ
കേവലം തൊട്ടുകൂടെന്ന കൽപന
സേവകർക്കേകി; യീ വിധം കാത്തിടും
ദേവ, വതാലയാധിപ, പാഹി മാം.
25: നരസിംഹാവതാരം
കാകളി
25.1

വമ്പൻ ഹിരണ്യകശിപുവത്തൂണിനെ-
യമ്പേ പിളർക്കുമാറൊന്നടിച്ചപ്പൊഴേ
കർണ്ണം പിളർക്കും പടിക്കു, ബ്രഹ്മാണ്ഡവും
തിണ്ണം പൊടിയാകുമാറതിഘോരമായ്
ഉണ്ടായിതുച്ചൈസ്തരം ശബ്ദമൊ-
ന്നണ്ഡകടാഹം വിറച്ചുപോയക്ഷണം.
മുമ്പെന്നുമെങ്ങുമേ കേൾക്കാത്തൊരീ രവം
കമ്പം വളർത്തിയാ ദൈത്യൻെറയുൾത്തടേ;
ബ്രഹ്മാവു പോലുമപ്പത്മാസനത്തിൽ നി-
ന്നാമ്മാറു പൊങ്ങിത്തെറിച്ചാനരക്ഷണം.
25.2
വല്ലാതെ സംഭ്രമം പൂണ്ടൊരു ദൈത്യന-
ങ്ങെല്ലായിടത്തും തുറിച്ചു നോക്കീടവേ
പ്രത്യക്ഷമായിതത്തൂണിൽ നിൻ വിഗ്രഹം
മർത്യനല്ലെന്നാൽ തികച്ചുമല്ലാ മൃഗം!
എന്തൊരു ജന്തുവിതെന്നങ്ങു ദൈത്യനു-
മമ്പരന്നീടവേ ചാടിപ്പതിച്ചുടൻ
കൂർത്തു വെളുത്ത രോമങ്ങൾ നിറഞ്ഞുടൽ
ചീർത്തുപെരുകിത്തുടങ്ങിയനുക്ഷണം.
25.3
ചുട്ടുപഴുപ്പിച്ച സൗവർണ്ണവർണ്ണവും
ദൃഷ്ടികളത്യുഗ്രമായ് മിഴിച്ചുള്ളതും
വിണ്ടലം ഭേദിക്കുമാറെഴുന്നുള്ളതാം
സ്കന്ധരോമങ്ങൾ ചിടപിടിച്ചുള്ളതും
എത്രയും വിസ്താരമാർന്നു ഗുഹാന്തര-
മൊത്തതാം വക്ത്രം, ഭയാവഹം ദംഷ്ട്രകൾ,
ചുറ്റിത്തിരിയുന്ന ഖഡ്ഗസമാനമാം
മുറ്റും പെരുത്തോരു ജിഹ്വയെന്നീവിധം
എത്ര ഭയങ്കരമാശ്ചര്യകാരകം
അത്തനുവെന്നും ജയിക്കുമാറാകണം.
25.4
ഭീദിതമായ് ഞൊറിഞ്ഞുള്ള കീർത്താടിയും
ഹ്രസ്വമായേറ്റം തടിച്ച ഗളസ്ഥലം,
എണ്ണമറ്റുള്ള തടിച്ച കരങ്ങളി-
ലുള്ള നഖങ്ങളിൽ നിന്നെഴും ജ്യോതിയും,
പർജ്ജന്യനിർഘാതതുല്യം ഭയാവഹം
ഗർജ്ജന, മംബരചുംബിയാകാരവും
നേർത്തുവരുന്നവർ പേടിച്ചൊളിച്ചിടും
മർത്യസിംഹാകൃതിക്കായി നമിച്ചിടാം.
25.5
''സംശയമില്ലിവൻ വിഷ്ണു, ഞാൻ സത്വരം
ഹിംസിച്ചുകൊള്ളുവൻ''എന്നു ഘോഷിച്ചുടൻ
ഭീഷണമായിച്ചുഴറ്റും പെരുംഗദ
ഭേസിപ്പുറപ്പെട്ട ദൈത്യനെക്കൈകളാൽ
നേരേ പിടിച്ചുവെന്നാലും വിടുവിച്ചു

വീരൻ പയറ്റിത്തുടങ്ങി കൈവാളിനാൽ
വിശ്വത്തെയൊക്കെയുൾക്കൊള്ളുവാൻ വെമ്പുന്ന
വിശ്വമഹാകാരരൂപി നിന്നോടഹോ!

25.6

വട്ടം തിരിഞ്ഞെങ്ങുമോടുന്ന ദൈത്യനെ
പെട്ടെന്നു ചാടിപ്പിടിച്ചു തൻ കൈകളാൽ
ഉമ്മറവാതിൽപ്പടിയിൽത്തന്നങ്കത്തി-
ലാമ്മാറു വച്ചു വക്ഷസ്സിൽ നഖങ്ങളാൽ
ആഴത്തിലാഴ്ത്തിപ്പിളർന്നു പുറപ്പെടും
ചൂടെഴും രക്തം രസേന പാനം ചെയ്തു.
വല്ലാതെ ലോകം നടുങ്ങുമാറുച്ചത്തി-
ലല്ലോ ഭവാൻെറയാ ഗർജ്ജനം ഭീകരം!

25.7

പെട്ടെന്നു ദൈത്യജഡത്തെയെറിഞ്ഞുടൻ
രക്താഭിഷിക്തമാം ദേഹമോടേ ഭവാൻ
നേർത്തിട്ടു വന്നോരസുരപ്പടകളെ
തീർത്തും നശിപ്പിച്ചു സംഹാരനർത്തനം
കൊണ്ടാടി, ഭൂമി കുലുങ്ങി, പ്രകമ്പനം
കൊണ്ടാഴിയാകെക്കലങ്ങി; ഗിരികളും
ആടിയുലഞ്ഞു, ഖഗോളങ്ങളൊക്കെയും
സ്ഥാനം വെടിഞ്ഞു ബ്രഹ്മാണ്ഡമസ്വസ്ഥമായ്.

25.8

ചോരയും മാംസരസാദിയും കൊണ്ടതി
ഘോരമായ്, വൻ കുടൽ മാലയായ്ച്ചുറ്റിയും
ഉച്ചൈസ്വരം സിംഹനാദം മുഴക്കിയും
ദൈത്യസഭാതതലമദ്ധ്യേ രുഷാന്ധനായ്
മേവീടുമങ്ങേയ്ക്കടുത്തേയ്ക്കടുക്കുവാൻ
ആവാതെ ദേവാദി പോലും ഭയന്നു പോയ്.
ശർവ്വനും വാസവൻ താനും വിരിഞ്ചനും
വെവ്വേറെ വാഴ്ത്തിസ്തുതിച്ചു നിന്നീടിനാർ.

## രാമരാവണയുദ്ധം

(തരംഗിണി)

35.4

സുഗ്രീവാംഗദമുഖ്യന്മാരാം
വിക്രമമേറും വാനരരോടും
തൽപ്പടയോടും നാടുകൾ പലതും
കെൽപ്പോടങ്ങു കടന്നു നടന്ന്
ദക്ഷിണസാഗരതീരത്തെത്തി
ദക്ഷതയോടെ വസിക്കും കാലം
രാക്ഷസരാജസഹോദരനെത്തി
മോക്ഷദചരണം ശരണമതാക്കി.
ഗാഢവിചാരം ചെയ്തിട്ടവനൊടു
ഗൂഢം ലങ്കാവാർത്തയറിഞ്ഞു;
അക്കരെയെത്താൻ വഴികാണാഞ്ഞി-

ട്ടക്കടൽ തന്നൊടു വഴിയർത്ഥിച്ചു.
കേഠക്കാൻ ഭാവം കാണാഞ്ഞുടനേ
ഊക്കേറും തൻ ചാപമെടുത്തു
ആഗ്നേയാസ്ത്രം കണ്ടു ഭയന്നി-
ട്ടാജ്ഞാകാരിയതായി സമുദ്രം.

35.5
ദിക്കുകളെട്ടിൽ നിന്നും കപിവരർ
പൊക്കിയെടുത്തഥ കുന്നും മലയും
ചിക്കെന്നങ്ങൊരു ചിറ കെട്ടീട്ട്
വെക്കം ലങ്കയിലെത്തിപ്പെട്ടാർ.
പല്ലും നഖവും മരവും മലയും
കല്ലും കൊണ്ടു നിശാചരനിരയൊടു
സംഗരമാടും വേളയിലൊരുനാഠ
നാഗാസ്ത്രത്താൽ മേഘനിനാദൻ
ലക്ഷ്മണനോടും നിന്തിരുവടിയെ
കഷ്ടം ബന്ധിതനാക്കിയ സമയം
പക്ഷമിളക്കിക്കാറ്റു പരത്തി
പക്ഷിപ്രവരൻ രക്ഷിച്ചവരെ.
35.6
വേൽകൊണ്ടൊരുനാഠ ലക്ഷ്മണവീരൻ
വീഴ്കേ മാരുതിയൗഷധഗിരിയെ
ശീഘ്രം കൊണ്ടന്നവനെയുണർത്തി
വിഘ്നം തീർത്താനഖിലജനാനാം.
മായായുദ്ധവിശാരദനാകിയ
മയപുത്രീസുതനെസ്സൗമിത്രി
യമപുരികാട്ടീ കൊടിയ രണത്തിൽ
യമരിപുസഹജസഹായം മൂലം.
വാനരസൈന്യസമൂഹം പാടേ
വായിലണയ്ക്കാൻ വെമ്പിയണഞ്ഞൊരു
വാസവവൈരിപ്രവരാനുജനെ
വാസവവിശിഖത്താലെ വധിച്ചു.
35.7
ഇന്ദ്രനയച്ചൊരു രഥകവചങ്ങഠ
കൊണ്ടുതുടർന്നൊരു ഭീഷണയുദ്ധേ
പൈതാമഹമാമസ്ത്രം കൊണ്ടാ
പംക്തിഗ്രീവനെയങ്ങു ഹനിച്ചു.
പാവകശുദ്ധിവരുത്തി സതിക്ക്;
ദേവകഠ രക്ഷിച്ചൊരുപടയോടും
ലങ്കാപതിയൊടു ലക്ഷ്മണനോടും
ശങ്കാരഹിതം പുഷ്പകമേറി
സാഗരവും വൻ കരയും താണ്ടി
സീതാസഹിതമയോദ്ധ്യയിലെത്തി.
38: ശ്രീകൃഷ്ണാവതാരം

(മഞ്ജരി)

38.1

ആനന്ദരൂപ ഭവാനവതാരമായ്
ആഗമിക്കേണ്ടുന്ന നാളടുക്കേ
നിന്നംഗകാന്തി വെളിക്കും പരന്നപോൽ
വന്നു നിറഞ്ഞു ഘനങ്ങൾ വാനിൽ.
കാർമേഘശോഭകലർന്നുടനെങ്ങുമേ
വന്മഴക്കാലമണഞ്ഞമൂലം.

38.2

ആശകളെല്ലാം കുളിർത്തൂ മഴമൂലം
ആശ സാധിക്കേ ജനമനസ്സും.
ഇത്രിലോകത്തിൻെറ ക്ലേശമൊഴിക്കുവാൻ
രാത്രിപകുതിയായോരു നേരം
ചന്ദ്രോദയത്തിനോടൊപ്പമവിടുന്നു
വന്നുദിച്ചു ഭൂമിമണ്ഡലത്തിൽ

38.3

ബാലസ്വരൂപത്തിലെങ്കിലുമൈശ്വര്യ-
മാലോലമാടുന്ന മേനിതാനും
മിന്നും കിരീടം കടകാംഗദം വള
പൊന്നൊളി ഹാരാദി തന്നൊളിയും
ശംഖാരിപങ്കേരുഹം ഗദയേന്തിയ-
തംഗങ്ങളിൽക്കാന്തി ചിന്നുന്നതും
ശ്യാമളകോമളമേനിയുമീറ്റില്ലം
തൂമ പരത്തിത്തെളിച്ചു പാരം.

38.4

വാസുദേവ, സദാതാവകവക്ഷസ്സിൽ
വാസമാക്കീടിന ലക്ഷ്മി തൻെറ
കൺകോണയയ്ക്കും കടാക്ഷവിശേഷങ്ങൾ
എങ്ങും പരന്നിതമ്മന്ദിരത്തിൽ
ദുഷ്ടനാം കംസൻെറ ചേഷ്ടകളാൽ വന്ന
ജ്യേഷ്ഠാവിലാസങ്ങൾ നീക്കുവാനായ്.

38. 5, 38.6

മോഹാന്ധകാരമകന്ന മുനിമാരും
മോഹിക്കും മോഹനപൂവലാംഗം
ആവോളം കണ്ടുടനാനകദുന്ദുഭി
ആനന്ദബാഷ്പപുളകത്തോടേ
ഗദ്ഗദകണ്ഠനായീവിധമങ്ങയെ
മുഗ്ദ്ധമായ് വാഴ്ത്തി സ്തുതിച്ചു നന്നായ്,
''സേവകതാപഹര, പരമേശ്വര,
ദേവ, പരാപര, നിസ്തുലാത്മൻ,
ഖേദങ്ങളൊക്കെയും തീർത്തു രക്ഷിക്കണേ
സാദരം നിൻപദം കുമ്പിടുന്നേൻ.''

38.7

ബാഷ്പാവിലാംഗിയായ് മാതാവുമങ്ങയെ
നിഷ്പങ്കഭക്ത്യാ സ്തുതിച്ചു പാരം.

നിഷ്പാരകാരുണ്യമണ്ടുന്നവരുടെ
നിഷ്പാപജന്മകഥകളോതി.
മാതാവു ചൊൽകയാലേ ഭവാൻ വൈകാതെ
മാനുഷബാലകരൂപമാർന്നു.

38.8

ശൂരസേനാത്മജൻ പിന്നീടു താവക-
പ്രേരണ മൂലം ഭവാനുമായി
നന്ദൻെറ നന്ദിനിയെ വച്ചുമാറുവാൻ
നന്ദധാമത്തിന്നു യാത്രയായി.
സിദ്ധജനങ്ങളും ചിത്തേ ധരിച്ചിടു-
മത്തിരുമേനിയെ ശൂരസൂനു
പങ്കജസൂനത്തിൽ ഹംസക്കിടാവുപോൽ
തൻകരം തന്നിലെടുത്തു മന്ദം.

38.9

അപ്പോഠം പശുപേശഗേഹേ പിറന്നൊരു
ചിത്പര, മായാസ്വരൂപി ദേവി
ത്വൽപ്പുരത്തുള്ളോരെയൊക്കെയും നിദ്രയിൽ
തൽപ്പരരാകിയുറക്കി ഗാഢം.
താവകവാഞ്ഛയറിഞ്ഞു ബന്ധിച്ചുള്ള
വാതിലുമപ്പോഠം തുറന്നു താനേ.

38.10

എണ്ണമറ്റുള്ള ഫണങ്ങഠം വിരിച്ചവ
തിണ്ണം കുടയായ് പിടിച്ചുകൊണ്ടേ
വർണ്ണാഭമാകും മണികളാൽ പാതയിൽ
കണ്ണുകാണിക്കുമനന്തനൊപ്പം
ചെന്നെത്തിനാൻ വസുദേവനൊരൽപവും
ദണ്ഡമുണ്ടായീല കോണ്ടുപോകാൻ.
എന്തൊരു ഭാഗ്യം! അതേകിയൊരീശ്വര
സന്താപകാർശ്യം കുറയ്ക്കണമേ.

45: ബാലലീലകഠം

അന്നനട

45.1

ഭവനമാകവേകരപദങ്ങഠം തൻ
ഭുവനമോഹനകമലകാന്തിയാൽ
കമനീയമാക്കി ബലരാമനൊപ്പം
ഗമനമായ് ഭവാൻ നയനഭാഗ്യമായ്;
കിലുകിലുങ്ങനെക്കിലുങ്ങും കിങ്ങിണി
കുലുക്കി മഞ്ജീരമിളകുമാറുമ-
പ്പദങ്ങഠം സ്ഫൂർത്തിയോടിളക്കിയൊപ്പമായ്
അതിൽരസിച്ചുള്ള ചിരി കളകളം.

45.2

തെളിഞ്ഞ പുഞ്ചിരി പൊഴിച്ചരിപ്പല്ലു
വെളിയിൽക്കാട്ടിയും മുടി പറത്തിയും
കമലസന്നിഭമനോജ്ഞമായിടും
ചരണമൂലങ്ങഠം തെളിച്ചു കാട്ടിയും.

വളകളെപ്പൊഴുമിറക്കിപ്പാണിയി-
ലിളക്കിയും സദാ ചിരിച്ചു മേളിച്ചും.
അതിമനോഹരം നയനമോഹനം
ഇതിഭവാന്മാർ തൻ കിശോരകേളികൾ.
45.3
പുറകേയോടിടുന്നവർക്കു കൗതുകം
പെരുകും വേളയിലൊരൊച്ചവച്ചുടൻ
തിരിച്ചു മണ്ടിയും തിരിഞ്ഞു നോക്കിയും
ഹരിച്ചു കാണ്മോർ തന്നശേഷമാനസം.
45.4
കുതിച്ചുപായവേ തടഞ്ഞുവീഴലും
ചളിപുരളലുമുടനെണീക്കലും
അപങ്കിതാശയർ ഗഗനചാരികൾ
തപസ്വിമാർ കണ്ടു രസിച്ചു നിൽക്കലും
ജനനിമാരുടനെടുത്തു ലാളിച്ചു
പുണർന്നു ചുംബിച്ചു കരച്ചിൽ മാറ്റലും.
45.5
മടിയിലങ്ങയെയെടുത്തുവച്ചുടൻ
മടിയെന്യേ നന്നായ്ച്ചുരത്തിടുന്ന പാൽ
കുടിപ്പിച്ചീടവേയിടയ്ക്കു നിർത്തി നിൻ
ചൊടിയിണകളിൽ പരക്കും പുഞ്ചിരി
അനർവചനീയ സുകൃതധന്യയാം
ജനനിക്കേകി നീ കപടബാലകൻ.
45.6
നടന്നു നീങ്ങുവാൻ തുടങ്ങിയപ്പൊഴേ
അയൽഗൃഹങ്ങളും കളിക്കളമായി;
കളികൾ പുത്തനായ്, സഖാക്കളേറെയായ്
വളർത്തുപ്രാണിതൻ പിറകിലോട്ടമായ്;
തടഞ്ഞു ഗോപന്മാരിടയ്ക്കിടെ, യെന്നാൽ
അടക്കുവാനവർക്കശക്യമായ്ച്ചിരി.
45.7
അവിടുന്നഗ്രജസമേതനായെങ്ങു
കടന്നു ചെന്നിടുമവിടമൊക്കെയും
വഴിക്കണ്ണർപ്പിച്ചു വ്രജവധൂജനം
തനതു കുഞ്ഞിനെ വരെയുമോർക്കാതെ
ഗൃഹകൃത്യാദികളവഗണിച്ചുടൻ
മതിഭ്രമമാർന്നു മരുവിനാർ സദാ.
45.8
ഇടയപ്പെണ്ണുങ്ങൾ തരുന്ന വെണ്ണയിൽ
കൊതിയിയന്നു നീ പദങ്ങൾ പാടിയും
ചുവടുവച്ചൽപം കളിച്ചു കാട്ടിയും
വളർത്തിയാനന്ദമവർക്കിടയ്ക്കിടെ.
ചുടുക്കനെ കാച്ചി കൊടുക്കും പാലിനായ്
അടുത്തു കൂടിനാൻ ചിലപ്പൊഴൊക്കെയും.
45.9

''ഒരിക്കലർത്ഥിച്ചേൻ മഹാബലിഗൃഹേ
നിവൃത്തികേടിനാൽ, ഇരക്കൽ വേണ്ടിനി,''
ഇദം നിരൂപിച്ചോ, നിറുത്തി യാചന?
തുടങ്ങി ചോരണം പടുത്വമോടു നീ.

45.10

ദിനവും ഗവ്യങ്ങൾ ഭവാൻ കവർന്നതിൽ
നിനച്ചിതില്ലേതും കലഹം ഗോപിമാർ;
അശേഷഗോപികാ ഹൃദയചോരണം
വിശേഷമായി നീ നടത്തിയാദ്യമേ!
അശേഷമെന്നുടെ ദുരിതശോഷണം
നടത്തിടേണമേ ഗുരുവായൂരപ്പ.

97: മാർക്കണ്ഡേയൻ

കാകളി

97.1

ജ്ഞാനവും ശ്രദ്ധയും കർത്താവു ഗേഹവും
സൗഖ്യവും കർമ്മവുമാഹാരഭേദവും
മൂന്നുഗുണങ്ങളും ചേർന്നവയാകയാൽ
ഹീനമദ്ധ്യോത്തമഭേദമുണ്ടേതിലും.
താവകക്ഷേത്രങ്ങളാരാധനാദിയാ-
ണീ വസുധാതലേ നിർഗ്ഗുണമായവ;
നൈർഗ്ഗുണ്യനിഷ്ഠമായുള്ളവ ചിന്തിച്ചു
സദ്ഗുണസമ്പന്നനാകുവൻ സത്വരം.

97.2

ചിന്തകളങ്ങയിൽത്തന്നേയുറപ്പിച്ചു
സ്വാന്തത്തിൽ സൗഖ്യമാർന്നെങ്ങും ചരിച്ചുടൻ
ചിന്തയും വാക്കും പ്രവൃത്തിയുമങ്ങയിൽ
സന്തതമർപ്പിച്ചു ഭക്തർ വസിപ്പതാം
പുണ്യസ്ഥലികളിലെല്ലാം ഗമിച്ചു ഞാൻ
നിന്ദ്യദ്വിജമൃഗഭേദമൊന്നില്ലാതെ
മാനാപമാനാദ്യസൂയയും സ്പർദ്ധയും
ഏതുമേ തീണ്ടാതെ സർവഥാ മുഗ്ദ്ധനായ്
കാണുന്നതൊക്കെയുമങ്ങെന്നുറപ്പിച്ചു
വാണുകൊള്ളാം ഭവൽപൂജകൾ ചെയ്തിടാം.

97.3

സന്ദേഹമെന്യേ ഭവാനെയെല്ലാറ്റിലും
കണ്ടിടുവോളമുപാസന ചെയ്തിടും;
അദ്വൈതബോധമെന്നുള്ളിലുറയ്ക്കുകിൽ
നിന്നിൽ ലയിച്ചു നയിക്കുവൻ ജീവിതം;
താവകാരാധനം ശീലമായാൽ വിടാ-
നാവാത്തതൊന്നാണതുകൊണ്ടെനിക്കുടൻ
ആസ്വാദ്യമാദ്യന്തമായുള്ളൊരാ ഗുണം
ഈശ്വര, നൽകണേ ത്വൽക്കൃപാവൈഭവാൽ.

97.4

ഈയനുഷ്ഠാനങ്ങളീവിധം നോൽക്കുവാ-
നായുരാരോഗ്യസ്ഥിതി നല്ലതാവണം

എന്തുചൊല്ലാൻ മമ ഭാഗ്യമീ രണ്ടിനും
നിൻ തിരുപാദങ്ങളാശ്രയിച്ചാൽ മതി.
ഹാ! രോഗശന്തിയ്ക്കൊരൗഷധമായ് ഭിഷക്
ക്ഷീരം തരുന്നതു പോലതിമോദദം.
തന്മൃത്യുവുണ്ടൊരു കൊല്ലത്തിലെന്നറി-
ഞ്ഞമ്മൃകണ്ഡുസുതനാശ്രയിച്ചൂ പദം;
ആനയിക്കാൻ വന്ന ദൂതരെയക്ഷണം
നിന്നനുയായികൾ ദൂരെമാറ്റീലയോ?
97.5
ഏവം മൃകണ്ഡുസുതൻ ചിരഞ്ജീവിയായ്
താവകഭക്തിയാമാനന്ദമോഹിയായ്
പുഷ്പഭദ്രാനദീതീരത്തനുഷ്ഠിച്ചു
താപസവൃത്തിയൊരാറുമൻവന്തരം.
അത്തപസ്സുമുടക്കീടുവാനാശിച്ചു
സപ്തമൻ ഇന്ദ്ര, നന്നപ്സരമാരെയും
പുഷ്പശരനെ നിജ സേനതന്നൊടും
പുഷ്പഭദ്രാതടം തന്നിലയച്ചുപോൽ.
താപസൻ തൻ തപശക്തി തന്നുജ്ജ്വല-
താപം പൊറുക്കാതവർ തോറ്റു മണ്ടി പോൽ.
97.6
താപസവര്യനെക്കാണുവാൻ മോഹിച്ചു
നാരായണനായൊരങ്ങു നരനൊടും
ചെന്നവാറെത്രയും കീർത്തിച്ചു കേൾക്കയാൽ
നന്ദിച്ചു നല്ല വരങ്ങൾ നൽകീടുവാൻ
പിന്നെയും പിന്നെയും ചോദിക്കകാരണം
ചിന്തിച്ചു ചൊല്ലീ മൃകണ്ഡുതനയനും.
''ഒന്നുണ്ടു ചിത്തത്തിലാഗ്രഹം ശ്രീപതേ
നിന്മഹാമായയൊരിക്കൽ ദർശിക്കണം.''
അത്ഭുതാനന്ദാനുഭൂതിയെ നേടുവാൻ
അൽപേതരം കൊതിയമ്മഹാഭക്തനും!
കളകാഞ്ചി
97.7
നരസഹിതമുടനവിടെ നിന്നു നീ പോയതും
നീരദവ്യൂഹം നിറഞ്ഞു നഭസ്ഥലേ.
ഘനനിരകളതികഠിനമായ് പെയ്തു ഭൂതലം
സപ്തസിന്ധുക്കളിലാമഗ്നമായ് തുലോം.
അനവരതമിളകുമലമാലകൾ തന്നില-
ഞ്ഞെത്രയോ കോടിവർഷം വലഞ്ഞാൻ മുനി.
ഒടുവിലൊരുദിനമകലെയൊന്നു കണ്ടോളത്തിൽ
ആടിക്കളിക്കുന്നൊരാലിലയത്ഭുതം!
അതിനുപരിയതിമൃദുലകോമളശ്യാമള-
മത്ഭുതബാലകരൂപത്തിലങ്ങയും.
മുഖകമലമതിലമലപങ്കജസന്നിഭ-
പാദം കരാംബുജം കൊണ്ടണച്ചങ്ങനെ.
97.8

പുളകമൊടു, ഏദിവളരുമിച്ഛയോടങ്ങയെ
തൊട്ടുതലോടാൻ കൊതിച്ചെത്തിയന്തികേ;
പവനഗതിയതിലുടനെ നാസികാമാർഗ്ഗമായ്
താവകകുക്ഷിയിലെത്തിനാനമ്മുനി.
അവിടഖിലഭുവനമതുകണ്ടുടനുച്ഛ്വാസ-
വായുവിലൂടെപ്പുറത്തെത്തിപിന്നെയും.
പരമകൃപയുടെ നിലയമാം കടക്കണ്ണിനാൽ
അങ്ങു കടാക്ഷിക്കെയൊന്നു പുൽകീടുവാൻ
മനസികൊതിപെരുകിയുടനെത്തിനാനന്തികേ
അപ്പൊഴുതങ്ങു മറച്ചിതദൃശ്യവും.

97.9

പുരമഥനനഗജയൊടും എത്തി ത്വൽപ്രീതിയ-
ത്യന്തം ലഭിച്ചുള്ള ഭക്തനെക്കാണുവാൻ.
അമരതയുമജരതയുമവ്വിധം മുമ്പുതാ-
നാർജ്ജിതമാം വരജാലമേകി ശിവൻ.
കമലശരരിപുവുമഥ ത്വൽഭക്തർ തന്നിലേ
പ്രീതനാവുന്നുള്ളു, പത്മനാഭ, പ്രഭോ!
ഇതിലുപരി ഭവദഖിലനാഥത്വവും തഥാ
മൂർത്തിത്രയാത്മകഭാവവുമോതണോ?

97.10

കമലഭവകമലപതിഹരനുടയ ഗേഹങ്ങൾ
മേൽക്കുമേലൊന്നൊന്നു സത്യലോകസ്ഥിതം;
പ്രകൃതികൃതവികൃതിയതു തീണ്ടാത്ത വൈകുണ്ഠം
ആയവയ്ക്കെല്ലാം മേലേയദ്രിക്കിലും
പശുപകുലമതിലുമഥ കാരണാംഭസ്സിലും
സത്വസ്വരൂപിയായിപ്പരബ്രഹ്മമായ്
ഗുരുപവനപുരിയതിലുമമരുമഖിലേശ്വര
സർവ്വാമയങ്ങളും തീർത്തു രക്ഷിക്ക മാം.

## 98: നിഷ്കളബ്രഹ്മം

കാകളി

98.1

യാതൊന്നിലൊക്കെയുമുൽപന്നമായിതോ
യാതൊന്നിലൊക്കെയും ലീനമായ് തീരുമോ
യാതൊരു ദേവൻെറ ജ്യോതിസ്സിലീ ജഗ-
മൊക്കെയും നന്നായ് പ്രകാശിച്ചിടുന്നിതോ
യാതൊന്നിലീ വിശ്വമെല്ലാം തെളിഞ്ഞുവോ
യാതൊന്നിതൊന്നിലും ചേരാതെ നിൽപിതോ
യാതൊന്നു മർത്ത്യാദി ജീവികൾക്കെന്നല്ല
ദേവനും മാമുനിമാർക്കുമവേദ്യമാം
യാതൊരു ദൈവതം വാക്കുകൾക്കെന്നല്ല
ചേതനയ്ക്കും പ്രാപ്യമല്ലാതെ ദൂരെയാം
അപ്പരബ്രഹ്മമായെങ്ങും വിളങ്ങുന്നൊ-
രത്ഭുതരൂപനാം കൃഷ്ണ നമോസ്തു തേ.

98.2

ജന്മകർമ്മാദിയും നാമം ഗുണദോഷ-

മെന്നിവയൊന്നുമേയില്ലയെന്നാകിലും
ലോകരക്ഷാർത്ഥമീ ജന്മകർമ്മാദിയെ
യാതൊന്നു സ്വേച്ഛയാ സ്വീകരിപ്പൂ സദാ;
യതൊന്നരൂപിയാണെങ്കിലും മായതൻ
വിദ്യയവിദ്യാദിശക്തികൾ കൈക്കൊണ്ടു
നാനാതരം ബഹുവിസ്മയകാരകം
രൂപങ്ങളേന്തി വിളങ്ങുന്നു സർവ്വഥാ;
സർവ്വേശ്വര, പരമാനന്ദരൂപമേ,
കൈവല്യധാമമേ, വിഷ്ണോ നമോസ്തു തേ.
98.3
സാമാന്യജീവജാലങ്ങളോ മർത്യനോ
ദേവാസുരാദിയോ സ്ത്രീയോ പുരുഷനോ
ദ്രവ്യമോ കർമ്മമോ ജാതിഗുണങ്ങളോ
അല്ലാതെ, സത്തുമസത്തുമൊന്നല്ലാതെ,
നിൽപൂ ഭവാനെന്നു ചൊല്ലും ബുധജനം;
ശേഷിപ്പതെന്തോ നിഷേധത്തിനപ്പുറം.
എണ്ണമില്ലാത്തോരുപനിഷദ്വർണ്ണനം
കൊണ്ടും പണിപ്പെട്ടറിയേണ്ട വസ്തുവാം;
അങ്ങിനെയാത്യന്തികാനന്ദമൂർത്തിയാ-
യെങ്ങും വിളങ്ങുന്ന ഭാസ്സേ നമോസ്തുതേ.
98.4
മായയിൽ ബിംബിതമായിത്തെളിഞ്ഞഹ-
ങ്കാരഭേദം മഹത്തത്വവുമിന്ദ്രിയ-
ജാലവും ഭൂതൗഘതന്മാത്രഭേദവും
കൊണ്ടു കിനാവിലെ സങ്കൽപസന്നിഭം
വിശ്വമശേഷവും സൃഷ്ടിച്ചതൊക്കെയും
രക്ഷിച്ചു കാലം കഴിഞ്ഞാലശേഷവും
കൂർമ്മം നിജാംഗങ്ങളുള്ളിലെടുത്തപോൽ
കാലാഖ്യശക്തിയാൽ തന്നിലൊതുക്കിടും.
ഘോരതിമിരം പരക്കുമെല്ലാടവും;
തീരെയുമങ്ങോട്ടു ചേരാതെ ജ്യോതിയായ്
ശോഭിക്കുമാനന്ദസാന്ദ്രസ്വയംപ്രഭാ-
ശക്തിയാമീശ്വര, കൃഷ്ണ നമോസ്തു തേ.
98.5
കാലം പ്രണവമണുകർമ്മമേവമെ-
ന്നാരും പുകഴ്ത്തുന്നിതങ്ങയെ സാക്ഷിയായ്
സർവ്വമതങ്ങളും സർവ്വാന്തര്യാമിയായ്
സർവ്വഥാ മാനിച്ചുകൊള്ളുന്നു പൂർണ്ണമായ്
വേദാന്തമാരെപ്പരനായ് പുരുഷനായ്
ചിത്തായ് പരാത്മനായ് വർണ്ണിച്ചുകൊള്ളുന്നു
ഈക്ഷണമൊന്നിനാൽ മാത്രം പ്രകൃതിക്കു
സൃഷ്ടിതൻ പ്രേരണ നൽകുന്ന തത്വമാം
അത്ഭുതശക്തിയായ് വാഴ്ത്തപ്പെടുന്നതാ-
മപ്പുരുഷോത്തമ, കൃഷ്ണ നമോസ്തു തേ.
98.6

ഉള്ളതെന്നോ തീരെയില്ലാത്തതെന്നുമോ
ഉണ്മയില്ലായ്മകളില്ലാത്തതെന്നുമോ
ചൊല്ലാനശക്യം, അവിദ്യയാൽ വിശ്വമി-
ങ്ങുള്ളതായ് തോന്നുന്നു പാശസർപ്പോപമം.
താവകകാരുണ്യമുണ്ടായിടുമ്പൊഴാ
മായതൻ വിദ്യയായേതാനുമിത്തിരി
വേദാന്തസാരം ഗ്രഹിപ്പിക്കുമപ്പൊഴേ
ഈദൃശസംസാരമാകുന്ന കാടിനെ
പാടേ മുറിച്ചു നീക്കീടും കുഠാരമാ-
യീടുമവ്വണ്ണമാം ചിത്തേ നമോസ്തു തേ.
98.7
വാസ്തവമോർക്കുകിൽ കാഞ്ചനം ഭൂഷയിൽ
മൃത്തു ഘടാദിയിലെന്നപോലേകമായ്
സർവ്വഥാ സർവ്വവസ്തുക്കളിൽ വാസമു-
ണ്ടദ്വിതീയം തവ വിഗ്രഹമീശ്വര.
കണ്ടതു സ്വപ്നമെന്നുള്ളതുന്നിദ്രമായ്
തുണ്ടുകയറെന്നിരുട്ടകന്നീടവേ
എങ്ങിനെ ബോദ്ധ്യമാമാവിധം മിത്ഥ്യ പിൻ
വാങ്ങുമാറാക്കിടും ജ്യോതിയെക്കൈതൊഴാം.
98.8
അർക്കനുദിപ്പതുമഗ്നിയെരിപ്പതും
ആശുഗൻ കൃത്യമായ് വീശുമാറുള്ളതും
പങ്കജസംഭമുഖ്യർ നിജാർച്ചകൾ
ശങ്കയെന്യേ സദാ ചെയ്തുകൊള്ളുന്നതും
അങ്ങയെ മാനിച്ചു മാത്രമാണങ്ങുതാൻ
അങ്ങങ്ങവരവർ തന്നെ നിയോഗിച്ചു;
കാലമാകുമ്പൊഴോ ഭ്രഷ്ടരാക്കും പുനഃ
ചേലിൽ നിയന്ത്രിക്കുമങ്ങുതാനീശ്വര.
അങ്ങിനെ വിശ്വമശേഷം നിയന്ത്രിക്കു-
മങ്ങയെ കൂപ്പിടാം കൃഷ്ണ നമോസ്തു തേ.
98.9
മുഗ്ഗുണം ചേർന്നതാം മൂന്നു ലോകങ്ങളെ-
ത്തീർക്കുന്നതങ്ങു താൻ; മൂവക്ഷരങ്ങളും
ചേർന്നുള്ളൊരോങ്കാരരൂപനുമങ്ങുതാൻ;
മൂർത്തികൾ മൂന്നിനുമേകത്വഭാവവും.
മൂന്നുവേദങ്ങളും വാഴ്ത്തുന്നൊരങ്ങു താൻ
നന്നായറിയുന്നവസ്ഥകൾ മൂന്നുമേ.
മൂന്നു യുഗങ്ങളിൽ രൂപമെടുപ്പവൻ
മൂന്നുകാലത്തിലും ഭേദമില്ലാത്തവൻ
മൂന്നടികൊണ്ടങ്ങളന്നു ലോകങ്ങളെ-
യൊന്നൊഴിയാതെ മടക്കിയെടുത്തവൻ.
ഈവിധമെല്ലാ മഹത്വവുമാർന്നൊരു
ദേവ, ഭജിക്കുവൻ, മൂന്നു യോഗങ്ങളാൽ.
98.10
സത്യമായ് ശുദ്ധമായത്യന്തബുദ്ധമായ്

നിത്യവും മുക്തമായാശയറ്റുള്ളതായ്
അദ്വൈതമായി വികാരങ്ങളറ്റതായ്
നിശ്ശേഷലക്ഷണവ്യഞ്ജനാധാരമായ്
കാരണഹീനമായ് മാലിന്യമറ്റതായ്
ധാരാളമായെഴും മാഹാത്മ്യശാലിയായ്
നിസ്സംഗമാനസരായ തപസ്വികൾ
ക്കംശമായുള്ളിലലിഞ്ഞ ദിവ്യത്വമായ്
നിസ്തുലമത്യന്തസാന്ദ്രസന്തുഷ്ടിയാം
ജ്യോതിയാകും ഭവദ്രൂപം ജയജയ.

98.11

ആറുപത്തും നൂറുമൂന്നും മുനകളും
ആരങ്ങൾ പന്ത്രണ്ടുമാർന്നു സംഭ്രാമ്യമായ്
വേഗം തിരിഞ്ഞു തടയുവാനാവാതെ
ലോകത്തെയൊപ്പം വലിച്ചുപോയീടുന്ന
കാലമാം താവകചക്ര, മവിടുത്തെ-
ക്കാലൊഴിഞ്ഞേതുമൊരാശ്രയമില്ലാത്ത
ദാസനെയേറെ വലയ്ക്കൊല്ല ശ്രീപതേ
കാരുണ്യവാരിധേ, വായുപുരേശ്വര.

99: വേദസ്തുതി

കാകളി

99.1

ആർക്കുണ്ടു വൈഭവം ശ്രീപതിപ്രാഭവം
നേർക്കു വർണ്ണിക്കുവാൻ? ഭൂമിയിലുള്ളതാം
മൺതരിയൊക്കെയുമെണ്ണിയെടുക്കുവാ-
നുണ്ടാവുമോ കഴിവിങ്ങാർക്കുമാവിധം!
മൂന്നടികൊണ്ടങ്ങു ലോകത്രയങ്ങളെ
മുന്നമളന്നു സമൃദ്ധമായ് മാറ്റിയ,
വിശ്വമശേഷവും പാലിച്ചു പോരുന്ന,
വിശ്വേശ്വര, ഭവൽപീഠം പ്രിയങ്കരം!
ശാശ്വതസൗഖ്യമാം പൂന്തേൻ പ്രവാഹമു-
ണ്ടീശ്വര, നിൻ ദിവ്യധാമത്തിലെപ്പൊഴും;
ത്വൽപാദഭക്തരായുള്ളോർ നിരന്തരം
ഉൾപ്പൂവിലത്യന്തമാനന്ദമോടെഴും
ലോകത്തിലെത്രയും വേഗത്തിലെത്തുവാ-
നാകുന്നു മോഹമിങ്ങെപ്പോഴുമെന്മനേ.

99.2

സൃഷ്ടിക്കുമുമ്പുമുണ്ടായിരുന്നൂ ഭവാൻ
സൃഷ്ടിപ്പു സർവ്വവുമങ്ങു താ, നെപ്പൊഴും
പുത്തനായ് തന്നെ വിരാജിപ്പു സ്വേച്ഛപോൽ
കാത്തുപോരുന്നൂ വിഭൂതികളൊക്കെയും.
ഹോമത്തിൽ ഹവ്യാദിയങ്ങേയ്ക്കു ശ്രദ്ധയാർ-
ന്നേകുന്നതുമവതാരങ്ങളെയതി
ഭക്തിയോടേ ഭജിച്ചീടുന്നതുമായ
ഭക്തർ താൻ നേടുമിഹപരസൗഖ്യവും.
മുക്തരാവുമ്പോൾ ലഭിക്കും ഭവൽപദ-

മെത്തുന്നു കേവലമപ്പുണ്യപൂരുഷർ.
99.3
അല്ലയോ പാടിസ്തുതിക്കും കവീന്ദ്രരേ
കല്യമായുള്ള ഹരിതന്നവതാര-
പുണ്യകഥകരം ഗ്രഹിച്ചതുമാതിരി
എണ്ണുവിൻ പാടിസ്തുതിക്കുവിൻ ഭംഗിയായ്.
വേദവിത്താം ഹരിനാമങ്ങളൊക്കെയും
മോദമെല്ലാർക്കുമുദിക്കുന്ന രീതിയിൽ
ചൊല്ലുവിൻ; വിഷ്ണോ ഭവന്നാമകീർത്തനം
ചൊല്ലി ഞാൻ തത്വാവബോധമാർന്നീടുവൻ.
99.4
ആരുടെയുൽക്കൃഷ്ടപാവനധാമത്തെ
ചാരുപ്രഭാപൂർണ്ണമായ്ക്കാണ്മു യോഗികരം
നിർല്ലോഭമായി സ്തുതിച്ചു നിരന്തര-
മെല്ലാരെയുമിഹ കാണിപ്പു സദ്വിജർ;
അമ്മഹാവിഷ്ണുവിൻ കർമ്മങ്ങളോർക്കുവിൻ
ധർമ്മങ്ങളെല്ലാം നിയന്ത്രിപ്പതങ്ങുതാൻ;
സേവകനായും പ്രിയസഖനായുമേ
ദേവേന്ദ്രനെത്തുണച്ചീടുന്നതും തഥാ.

99.5
ഇന്നോളമുണ്ടായൊരാരംക്കുമതുപോലെ
യിന്നുള്ളൊരാരംക്കുമേ ശങ്കാവിഹീനമായ്
താവകമാഹാത്മ്യമാകവേ കാണുവാ-
നാവുകയില്ലതാണെത്രയും വിസ്മയം!
ആയവ ശ്രേയസ്കരങ്ങളാണെന്നറി-
ഞ്ഞീയിവൻ ചെയ്യുന്നു നാമസങ്കീർത്തനം.
ഇക്കണ്ട വിശ്വത്തിനൊക്കെയുപരിയായ്
നിൽക്കുമാ വിശ്രുതമാം വിഷ്ണു ലോകത്തിൽ
രാജിക്കുമങ്ങയെ നാനാതരങ്ങളാ-
മാചാരവാക്യങ്ങരം കൊണ്ടു സ്തുതിക്കുവൻ.
99.6
സൃഷ്ടിതന്നാരംഭമാം ജലഗർഭത്തിൽ
വിഷ്ടപേശ, ഭവാൻ വന്നുദിച്ചാദ്യമായ്;
നാരായണനായ നിന്നിൽ ജീത്മാക്ക-
ളോരോന്നുമന്നു ലയിച്ചിതദ്വൈതമായ്;
ജന്മവിഹീനനാം നിൻ നാഭിതന്നിലാ-
യുത്ഭവിച്ചന്നൊരു പങ്കേരുഹസുമം.
ദിക്കുകളെട്ടുമിതളുകളായുള്ളൊ-
രക്കമലത്തിൻെറ കർണ്ണിക മേരുവും.
പത്മനാഭ, തവ നാഭീകമലമാ-
ണിമ്മഹിയുരംപ്പെടും ലോകങ്ങളൊക്കെയും.
99.7
നാമരൂപങ്ങളാൽ ധാരണ തെറ്റിയോർ

ഭൗമസൗഖ്യങ്ങളിൽ തൃപ്തരായ് വാഴുവോർ
ഇമ്മട്ടു സൗഭാഗ്യമിച്ഛിച്ചു യാഗാദി-
കർമ്മങ്ങൾ ചെയ്യുവോർ ബ്രഹ്മത്തിൽ നിസ്പൃഹർ
ലോകരേ ലോകമജസ്സൃഷ്ടമെന്നതും
ഏകമനന്യം ഹരി നിങ്ങളിലുള്ളതും
ഏതുമറിവീല നിങ്ങൾക്കു മായയാം
നീഹാരപാളികൾ മൂടും മനസ്സിനാൽ.

99.8

ആയിരമായിരം ശീർഷങ്ങൾ നേത്രങ്ങൾ
ആയപോൽ കാൽകളുമുള്ള വിശ്വാത്മകൻ
ലോകങ്ങളെല്ലാം നിറഞ്ഞും കവിഞ്ഞുമാ-
ണാകെയെന്നാൽ വസിക്കുന്നിതു സൂക്ഷ്മമാം
ഓരോ മനസ്സിലും; അപ്പരബ്രഹ്മമേ
ഭൂതവും ഭാവിയുമിന്നുള്ളതൊക്കെയും.
ദേഹേന്ദ്രിയാദിലാവിഷ്ടനെങ്കിലും
നിർല്ലിപ്തനായ് മുക്തനായതുമങ്ങു താൻ.

99.9

ഇത്രിലോകങ്ങളുമങ്ങുതാനായതിൻ
മീതേ വിശാലമാം നിർമ്മലജ്ഞാനവും;
കാണുന്ന വിശ്വങ്ങളത്രയും താവകാ-
കാരത്തിലൽപമാമോഹരി മാത്രമാം.
അത്യന്തവിസ്തൃതമാം ഭവദ്രൂപമോ
കാൽ വിട്ടു മുക്കാലുമാനന്ദസാന്ദ്രമാം
തത്വമാണായതു വിശ്വത്തിനൊക്കെയും
എത്രയോ മീതെയായ് വർത്തിപ്പു സന്തതം.
ഇങ്ങനെയത്യന്ത ദുർഗ്രഹരൂപനാ-
മങ്ങയെ ഭക്ത്യാ നമസ്കരിക്കുന്നു ഞാൻ.

99.10

അവ്യക്തമായുള്ള ബ്രഹ്മസ്വരൂപത്തെ-
യാവുകയില്ലറിഞ്ഞീടാനെളുപ്പമായ്
വ്യക്തമെന്നാൽ തവ ശുദ്ധസത്വാകൃതി
അത്യന്തശുദ്ധമാ പാൽക്കടൽക്കോളുപോൽ;
ഏറ്റവും ഭവ്യം മനോജ്ഞം മനോഹരം
സദ്ഗുണാധാരമാം വിഗ്രഹമാശ്രയം;
ശ്രീഗുരുവായൂരിൽ വാഴും മഹാപ്രഭോ
രോഗങ്ങളൊക്കെയും നീക്കി രക്ഷിക്കണേ.

## 100: കേശാദിപാദവർണ്ണനം

പാന

100.1

മുന്നിലാമ്മാറു കാണ്മു ഞാൻ കാളിമ-
ചേർന്നതാം പരിവേഷം മനോഹരം;
പിന്നതിന്നുള്ളിൽ നിന്നും തെളിയുന്നു
ധന്യബാലകവിഗ്രഹം പാവനം;
ചുറ്റിലും പരമാനന്ദചിത്തരായ്
മുഗ്ദ്ധരോമഞ്ചകഞ്ചുകധാരികൾ

ഭക്തർ, നാരദനാദികളായവർ-
ക്കൊത്തു സുന്ദരീ മണ്ഡലം ചൂഴുമാ
നവ്യതാരുണ്യമാർന്നിടും വിഗ്രഹം
കണ്ടു ഞാൻ സുധാസാഗരേ നീന്തിനേൻ.
100.2
നീലവർണ്ണമാർന്നറ്റം ചുരുണ്ടു തൻ
മൗലിയിൽക്കോതിവച്ചതിഭംഗിയായ്
വെണ്ണിലാവൊളി വീശുമുത്തംസവും
വർണ്ണഭംഗിയിയലുന്ന പീലിയും
ചാരുമന്ദാരമാലയും ചാർത്തിയ
കേശഭാരത്തിൻ ഭംഗിയുമന്തികേ
ചേലിലാർദ്രമാം ഗോപിക്കുറിയെഴും
ഫലബാലേന്ദുവീഥിയും കാണ്മു ഞാൻ.
100.3
ഹൃദ്യമാമനുകമ്പാസമുദ്രത്തിൻ
മാർദ്ദവമാർന്നിളകീടുമൂർമ്മിപോൽ
മന്ദമന്ദമിളകുന്ന ഭ്രൂലതാ-
സ്പന്ദനങ്ങളാലും ഘനശ്യാമള
കോമളമിടതൂർന്ന പക്ഷ്മാവലീ
ശോഭയാലുമതീവമനോഹരം
നീണ്ടിടംപെട്ടു ചെന്താമരദള-
കാന്തികോലുന്ന നേത്രങ്ങൾ തൻ ദയാ-
വായ്പെഴുന്ന കടാക്ഷവീക്ഷങ്ങളാൽ
ശീതളിമയരുളുന്നഖിലർക്കും;
അങ്ങൊഴിഞ്ഞേതുമാശ്രയമറ്റൊരീ-
യെന്നെ രക്ഷിക്കണേ മിഴിക്കോണിനാൽ.
100.4
നീണ്ടുയർന്നു മനോജ്ഞമാം നാസിക
ഗണ്ഡമോ മൃദുദർപ്പണസന്നിഭം;
കാതിലാടിക്കളിക്കും മനോഹര
മത്സ്യകുണ്ഡലഛായകാണാമതിൽ;
അൽപമാത്രം വിടർന്ന ശോണാധരം
തന്നിലൂറിടും പുഞ്ചിരിപ്പൂവിനു
ഭംഗിയേറ്റുന്നു മുത്തണിപ്പല്ലുകൾ
ഈ മുഖം സദാ കാണുമാറാകണം.
100.5
രത്നകങ്കണശോഭിതപാണികൾ
ചെന്തളിരിനോടൊക്കും വിരൽകളും
ചേർന്ന കൈകളെടുത്തൊരോടക്കുഴൽ
ചുണ്ടിൽ വച്ചതിൻ രന്ധ്രങ്ങൾ തോറുമേ
നിൻ നഖേന്ദുമയൂഖാളി വീശവേ
നാദബ്രഹ്മമുണരുന്നു ചുറ്റിലും.
ലോകമാകെത്തണുപ്പിക്കുമാസ്വനം
സ്നിഗ്ദ്ധമാക്കട്ടെയെൻ കർണ്ണവീഥിയും.
100.6

ശോണരശ്മികൾ വീശുമക്കൗസ്തുഭ-
ശോഭയേന്തുന്ന കണ്ഠം മനോഹരം
ശ്രീവത്സാങ്കിതവക്ഷദേശം, മുക്താ-
ഹാരജാലങ്ങളാലേയലങ്കൃതം
വണ്ടുചുറ്റിപ്പറക്കും സുരഭില
വർണ്ണപുഷ്പപ്രവാളങ്ങൾ ചേർന്നതാം
നീണ്ടുലഞ്ഞുകിടക്കും വനമാല
കണ്ടിടുന്നു ഞാൻ രത്നഹാരം തഥാ.

100.7

അംഗരാഗമണിഞ്ഞതാം മേനിതൻ
സൗരഭത്തിങ്കലാരും ഭ്രമിച്ചുപോം;
ഇത്രിലോകം ലയിച്ചുകിടക്കിലും
എത്രയും കൃശമത്രേ കടീതടം;
ആരെയും ഭ്രമിപ്പിച്ചീടുമായിടം
മൂടിടുന്നൊരു പൊന്നുപീതാംബരം
ഇന്ദ്രനീലാഭമേനിതൻ ശോഭയിൽ
തപ്തകാഞ്ചനകാന്തിയെച്ചേർപ്പതിൻ
മീതെ പൊന്മണികാഞ്ചിയണിഞ്ഞതാം
തവകാംഗം സ്മരിക്കുന്നു ഞാൻ സദാ.

100.8

താവകോരുക്കൾ സ്ഥൂലം മൃദുതരം
ഭാവമാറ്റം രമയ്ക്കുമണപ്പതാം;
വിഭ്രമം ഭുവനത്തിന്നൊഴിക്കുവാൻ
എപ്പൊഴും പീതചേലയാലാവൃതം;
മുന്നിലെത്തി നമിച്ചിടുമാശ്രിതർ-
ക്കേകുവാനുള്ളുപഹാരമൊക്കെയും
ചേർത്തുവച്ച മണിച്ചെപ്പിനൊക്കുമാ
മുട്ടുരണ്ടുമതീവമനോഹരം.
മുട്ടുതൊട്ടു ക്രമേണ കൃശമാകും
ശ്രേഷ്ഠമാകൃതിയക്കണങ്കാലിനും.
ഈവിധം ശിൽപസൗന്ദര്യമൊത്തതാം
താവകാംഘ്രികൾ പൂജിപ്പനെന്നുമേ.

100.9

ഇപ്പദങ്ങളെസ്സേവിക്കമാത്രമാ-
ണാസ്പദമിഹ ശ്രേയസ്സിനെന്നുതാൻ
സന്തതമഹോ പാടുന്ന നൂപുരം
ചന്തമേറ്റുന്നു പാദപത്മങ്ങളിൽ
മായതൻ മഹാസാഗരം തന്നിലായ്
താഴുമാശ്രിതമാനസമന്ഥരം
താങ്ങിടും കൂർമ്മമാണപ്പുറവടി
ഖിന്നരായോർക്കു സന്താപനാശകം;
ചെന്നഖേന്ദുമയൂഖശോഭാന്വിതം
ധന്യമാമിടം കാൽവിരൽത്തുമ്പുകൾ
മംഗലം വിശ്വവാസികൾക്കൊക്കെയും
നൽകിടും പദദ്വന്ദ്വവും കാണ്മു ഞാൻ.

100.10

ഏതൊരംഗം തിരുമേനി തന്നിലാ
യോഗികൾക്കേറ്റമാനന്ദദായകം
കാമിതങ്ങളശേഷവും സേവകർ-
ക്കേകിടും കൽപവൃക്ഷത്തളിരുതാൻ
ജന്മമുക്തിലഭിച്ചോർക്കു ധാമമാം
പാദമൂലം ഭവദീയമീശ്വര;
സന്തതം മമ ചിന്തയിൽ വാഴണേ
സംഹരിക്കണേയാമയമൊക്കെയും
നൽകിടേണമനന്തമാനന്ദവും
നിൻ കരുണയാലൈശ്വര്യപൂരവും
കൃഷ്ണ കൃഷ്ണ ദയാനിധേ ശ്രീധര
കൃഷ്ണ കാരുണ്യവാരിധേ ശ്രീഹരേ.

100.11

നിൻ മഹത്വമറിയാതെ തെറ്റുകൾ
വന്നുവെങ്കിൽ ക്ഷമിക്കുമാറാകണം
ജാതമായി സഹസ്രോത്തരം പദ്യ-
ജാല, മൊക്കെയും ത്വൽക്കൃപാവൈഭവം;
ത്വൽക്കഥ, ഞാൻ കഥിച്ചേൻ, ഇരുവിധം
ഇക്കൃതിക്കുപേർ നാരായണീയമാം;
വേദശാസ്ത്രാദി ചൊല്ലിയ മാതിരി-
യോതിനേൻ നിന്നവതാരകീർത്തികൾ;
സ്വീകരിച്ചിവയേകണമിങ്ങിവ-
ന്നായുരാരോഗ്യസൗഖ്യങ്ങളീശ്വര.